പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**05.02.2020 -ലെ മറുപടിയ്ക്ക്**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1015

## തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ.രാജൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. എൽദോ എബ്രഹാം: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം<br><br>1) കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദ് ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനു വേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി ( റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>2)കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019 -ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>3) തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>4) റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം |

മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5) സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

9) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് &മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ) ആക്റ്റിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കികൊണ്ട് നടപടി സ്വീകരിച്ചു.

10)ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

11) തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

12) പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

ബി) സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഉടമകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകുന്നുണ്ടോ;

(ബി)സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഉടമകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സി) പ്രവർത്തനരഹിതമായതോ ഉപേക്ഷിക്കപ്പെട്ടതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാന്റേഷൻ കരട് നയത്തിൽ ഇത് സംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. പൂട്ടിയ തോട്ടം ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമായ ഭരണപരവും, നിയമപരവുമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യസുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയ്ക്കായി, പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന മെഡിക്കൽ ക്യാമ്പ് നടത്തി വരുന്നു. കൂടാതെ ചികിത്സാ ധനസഹായവും നൽകി വരുന്നു. വർഷംതോറും ഓണത്തോടനുബന്ധിച്ച് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തിവരുന്നു. 2018 -ലെ പ്രളയത്തോടനുബന്ധിച്ച് നൽകിയ 15 കി.ഗ്രാം. സൗജന്യ റേഷൻ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

ഇ) പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്ന വിഷയത്തിൽ സർക്കാർ നടപടികളോട് സഹകരിക്കാത്ത മാനേജ്മെന്റുകൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(ഇ) പീരുമേട് താലൂക്കിലെ പൂട്ടികിടക്കുന്ന തോട്ടങ്ങളിൽ തൊഴിൽ വകുപ്പ് നടത്തിയ ഗ്രാറ്റുവിറ്റി ക്യാമ്പുകളിൽ പീരുമേട് ടീ കമ്പനിയിൽ 798 തൊഴിലാളികളും, ബൊണാമി എസ്റ്റേറ്റിൽ 72 തൊഴിലാളികളും, കോട്ടമല എസ്റ്റേറ്റിൽ 312 തൊഴിലാളികളും ഗ്രാറ്റുവിറ്റി ലഭിക്കുവാനുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആകെ 1182 ക്ലെയിം അപേക്ഷകളിലായി 11,48,32,032/- രൂപയുടെ (പതിനൊന്ന് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി മുപ്പത്തിരണ്ട് രൂപ മാത്രം) ക്ലെയിമാണ് സമർപ്പിക്കപ്പെട്ടത്. കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഹിയറിംഗ് നടത്തിവരുന്ന ക്ലെയിം അപേക്ഷകൾ വിചാരണയുടെ അന്തിമ ഘട്ടത്തിലാണ്. ഗ്രാറ്റുവിറ്റി ലഭ്യമാക്കാത്ത തൊഴിലുടമകൾക്കെതിരെ 1972 -ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**